"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് -2025 ഒക്ടോബർ 15-ന് പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ സംഘടിപ്പിച്ച ഗതാഗത വകുപ്പിന്റെ 'വിഷൻ 2031' എന്ന സെമിനാർ മാതൃകാപരമായി സംഘടിപ്പിക്കുന്നതിലും മാർഗ്ഗരേഖ തയ്യാറാക്കുന്നതിലും സ്തുത്യർഹമായ പങ്ക് വഹിച്ച ഉദ്യോഗസ്ഥർക്ക് 'സദ് സേവന രേഖ' (Good Service Entry) നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.117/2026/TRANS തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:- 1. സ.ഉ(കൈ)നം.6/2025/ I& PRD തീയതി 29.08.2025

<u>ഉത്തരവ്</u>

സംസ്ഥാന രൂപീകരണത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന 2031-ലെ കേരളം എങ്ങനെയാകണം എന്ന കാഴ്ചപ്പാടിന്റെയും ആശയങ്ങളുടെയും അടിസ്ഥാനത്തിൽ ഓരോ സർക്കാർ വകുപ്പുകളുടെയും ആഭിമുഖ്യത്തിൽ 'വിഷൻ 2031' എന്ന പേരിൽ സംസ്ഥാനമൊട്ടാകെ സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. 2031-ലെ കേരളത്തിന്റെ വികസന രൂപരേഖയിൽ സുപ്രധാനമായ പങ്ക് വഹിക്കേണ്ട ഗതാഗത വകുപ്പ് ഈ ലക്ഷ്യത്തിലേക്കുള്ള ആശയാഭിപ്രായ രൂപീകരണത്തിനും മാർഗ്ഗരേഖകളുടെ മുന്നൊരുക്കങ്ങൾക്കുമായി 2025 ഒക്ടോബർ 15-ന് പത്തനംതിട്ട ജില്ലയിലെ തിരുവല്ല ബിലീവേഴ്സ് കൺവെൻഷൻ സെന്ററിൽ (Mor Athanasius Yohan Memorial Convention Centre) വിപുലമായ സെമിനാർ നടത്തുകയുണ്ടായി.

2) പ്രൗഢമായ ബഹുജനപങ്കാളിത്തം, പ്രസക്തമായ ചർച്ചകൾ, അർത്ഥപൂർണ്ണമായ പ്രഭാഷണങ്ങൾ, സംവാദങ്ങൾ, മാതൃകാപരമായ സംഘാടനം എന്നിവയെല്ലാം കൊണ്ട് ഏറ്റവും വിജയകരമായി 'വിഷൻ 2031'-ന്റെ വിഭാവനം നടത്തുവാൻ ഗതാഗത വകുപ്പിന് സാധ്യമായി എന്നത് അഭിമാനകരമായ നേട്ടമാണ്.

3) പ്രസ്തുത സെമിനാർ വിജയകരമായി സംഘടിപ്പിക്കുന്നതിലും ഗതാഗത വകുപ്പിന്റെ വികസന മാർഗ്ഗരേഖ തയ്യാറാക്കുന്നതിലും പ്രകാശനം ചെയ്യുന്നതിലും അത്യുത്സാഹത്തോടും അർപ്പണബോധത്തോടും കൂടി പ്രവർത്തിച്ച ചുവടെ പറയുന്ന ഉദ്യോഗസ്ഥരുടെ സേവനത്തെ അംഗീകരിച്ചുകൊണ്ട് കേരള സർവീസ് ചട്ടങ്ങൾ ഭാഗം 1, ചട്ടം 34 (2) പ്രകാരം "സദ് സേവന രേഖ" (Good Service Entry) നൽകി ഉത്തരവാകുന്നു.

1. ശ്രീമതി. ഷീല എം. (പെൻ-101117), അഡീഷണൽ സെക്രട്ടറി, ഗതാഗത (ബി & സി) വകുപ്പ്

2. ശ്രീമതി. പാർവ്വതി ചന്ദ്രൻ എൽ., കെ.എ.എസ് (പെൻ-784900), അണ്ടർ സെക്രട്ടറി, ഗതാഗത (എ & ഡി) വകുപ്പ്

3. ശ്രീ. അരുൺ ബി., കെ.എ.എസ് (പെൻ-230590), ജനറൽ മാനേജർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.ടി.ഡി.എഫ്.സി)

4. ശ്രീമതി. സുശീൽകുമാരി എസ്. (പെൻ-441339), സെക്ഷൻ ഓഫീസർ, ഗതാഗത (സി) വകുപ്പ്

5. ശ്രീ. പ്രിൻസ് പി. രാജൻ (പെൻ-998178), അസിസ്റ്റന്റ്, ഗതാഗത (എ) വകുപ്പ്

4 ) പ്രസ്തുത ഉദ്യോഗസ്ഥർ ഭാവിയിലും തങ്ങളിൽ അർപ്പിതമായ കടമകളും കർത്തവ്യങ്ങളും ആത്മാർത്ഥതയോടും സത്യസന്ധതയോടും സമർപ്പണ മനോഭാവത്തോടെയും നിർവഹിക്കുമെന്ന് പ്രത്യാശിക്കുന്നു.

5) മേൽ ജീവനക്കാരുടെ സർവീസ് രേഖകളിൽ ഇത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

ശ്രീമതി. ഷീല എം., അഡീഷണൽ സെക്രട്ടറി, ഗതാഗത (ബി & സി) വകുപ്പ്
ശ്രീമതി. പാർവ്വതി ചന്ദ്രൻ എൽ., കെ.എ.എസ്, അണ്ടർ സെക്രട്ടറി, ഗതാഗത (എ & ഡി) വകുപ്പ്
ശ്രീ. അരുൺ ബി., കെ.എ.എസ്, ജനറൽ മാനേജർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.ടി.ഡി.എഫ്.സി)
ശ്രീമതി. സുശീൽകുമാരി എസ്., സെക്ഷൻ ഓഫീസർ, ഗതാഗത (സി) വകുപ്പ്
ശ്രീ. പ്രിൻസ് പി. രാജൻ, അസിസ്റ്റന്റ്, ഗതാഗത (എ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (സ്പെഷ്യൽ-ബി/സ്പെഷ്യൽ-ഇ/സർവീസസ് എ/ഇ) വകുപ്പ്
പൊതുഭരണ (അക്കൗണ്ട്സ്-ബി/എൻ/എഫ്/എച്ച്) വകുപ്പ് (ഉത്തരവിന്റെ പകർപ്പ് സേവനപുസ്തകത്തിൽ പതിപ്പിക്കുന്നതിനും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനുമായി)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Biju N
സെക്ഷൻ ഓഫീസർ
Date: 17-03-2026 11:44:24